ജെ5 -37534/2017

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 10.08.2017

## സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ്- ഹരിതകേരളം, ലൈഫ് മിഷനുകൾ, ജില്ലാ, പഞ്ചായത്ത് തല കോ-ഓർഡിനേറ്റർമാരെ ചുമതലപ്പെടുത്തുന്നത് - സംബന്ധിച്ച്.-

സൂചന : സർക്കാർ നിർദ്ദേശം.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള വികസന മിഷനുകളായ ഹരിതകേരളം, ലൈഫ് എന്നിവയുടെ സമയബന്ധിതവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കും ഏകോപനത്തിനും വേണ്ടി ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് വകുപ്പിന്റെ ജില്ലാതല കോ-ഓർഡിനേറ്ററായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ സീനിയർ സൂപ്രണ്ടിനേയും ഗ്രാമപഞ്ചായത്ത്തല കോ-ഓർഡിനേറ്ററായി അതാത് ഗ്രാമ പഞ്ചായത്തിലെ അസി:സെക്രട്ടറി/ഹെഡ് ക്ളാർക്കിനേയും ചുമതലപ്പെടുത്തുന്നു. പ്രസ്തുത തസ്തികകളിലെ ജീവനക്കാർ അവധിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ടിയാൾക്കാരെ തിരികെ വിളിക്കേണ്ടതും മേലിൽ അവധി അനുവദിക്കുന്നതിനു മുൻപ് ജില്ലാ കോ-ഓർഡിനേറ്ററുമായി കൂടിയാലോചിക്കേണ്ടതുമാണ്.

ഹരിതകേരളം, ലൈഫ് മിഷനുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും ഏകോപനവും പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കേണ്ടതും കോ-ഓർഡിനേറ്റർമാരുടെ ചുമതലയായിരിക്കും. പ്രസ്തുത മിഷനുകൾക്കും, സർക്കാരിലേക്കും, പഞ്ചായത്ത് ഡയറക്ടർക്കും നൽകേണ്ട റിപ്പോർട്ടുകൾ കൃത്യതയോടെ സമയബന്ധിതമായി ലഭ്യമാക്കേണ്ടത് ജില്ലാ കോ-ഓർഡിനേറ്ററുടെ ചുമതല ആയിരിക്കും. ജില്ലാതലത്തിൽ റിപ്പോർട്ടുകൾ ക്രോഡീകരിക്കുന്നതിന് RGSA, MIS സ്പെഷ്യലിസ്റ്റുകളുടേയും, ഗ്രാമപഞ്ചായത്ത് തലത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടേയും സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

പെർഫോർമെൻസ് ആഡിറ്റ് യൂണീറ്റ് സൂപ്പർവൈസർമാർ മേൽ മിഷനുകളുമായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ നിരന്തരം വിലയിരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച് വീഴ്ചകൾ കണ്ടെത്തുകയാണെങ്കിൽ ജില്ലാ കോ-ഓർഡിനേറ്റർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ആയത് പരിഹരിക്കുന്നതിന് സമയബന്ധിതമായും കാര്യക്ഷമമായും ഇടപെടേണ്ടതുമാണ്.

(ഒപ്പ്)

എം.പി. അജിത്കുമാർ,
പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ,

പകർപ്പ്:-
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
എല്ലാ പഞ്ചായത്ത് അസി: ഡയറക്ടർമാർക്കും(ഡി.ഡി.പി. മുഖേന)
എല്ലാ പെർഫോർമെൻസ് ആഡിറ്റ് സൂപ്പർവൈസർമാർക്കും.(ഡി.ഡി.പി മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഡി.ഡി.പി. മുഖേന)
സി.എ. റ്റു പഞ്ചായത്ത് ഡയറക്ടർ
സി.എ. റ്റു. ജോയിന്റ് ഡയറക്ടർ
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.
കരുതൽ/അധികം

// ഉത്തരവിൻപ്രകാരം //

സൂപ്രണ്ട്

ദി/